## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3640. 20/06/2018 - ൽ മറുപടിയ്ക്ക്

## സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.വിജയദാസ്<br>" ഒ.ആർ.കേളു<br>" ബി.ഡി.ദേവസ്സി<br>" കാരാട്ട് റസാഖ് | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>( ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന ആവശ്യമുള്ളതുമായ കുട്ടികളുടെ സംരക്ഷണത്തിനായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) പാർശ്വവൽക്കരിക്കപ്പെട്ടതും, ദുരിതമനുഭവിക്കുന്നതും പ്രതികൂലാവസ്ഥയിലുള്ളതും പ്രത്യേക ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ളതുമായ കുട്ടികളെ സംബന്ധിച്ച സംഗതികൾ കണക്കിലെടുത്ത് പരിഹാരമാർഗ്ഗങ്ങൾ ശുപാർശ ചെയ്യാൻ കമ്മീഷന് അധികാരം നൽകിയിട്ടുണ്ട്. കമ്മീഷൻ മലപ്പുറം ജില്ലയിലെ നിലമ്പൂർ ആദിവാസി മേഖല സന്ദർശിക്കുകയും കുട്ടികളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ കുറിച്ച് അന്വേഷണം നടത്തുകയും ചെയ്തു. വിദ്യാഭ്യാസ അവകാശവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഭാഗമായി അട്ടപ്പാടി ആദിവാസി മേഖലയിലെ പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളുടെ പ്രശ്നങ്ങൾക്ക് കമ്മീഷൻ മുന്തിയ പരിഗണന നല്കുകയും , അവരുടെ അവകാശങ്ങളുടെ സംരക്ഷണത്തിനായി സ്ഥലം സന്ദർശിച്ച് അന്വേഷണം നടത്തി സർക്കാറിനും ബന്ധപ്പെട്ട അധികാരികൾക്കും ശുപാർശകൾ നൽകുകയും ചെയ്തിട്ടുണ്ട്. തീം അഡാപ്റ്റഡ് പ്രീ പ്രൈമറി കരിക്കുലം പാഠ്യപദ്ധതി അട്ടപ്പാടി പ്രദേശത്തെ ഇരുള വിഭാഗം കുട്ടികൾ ശൈശവ വിദ്യാഭ്യാസം നടത്തുന്ന അംഗൻവാടികളിൽ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ പരീക്ഷണാടിസ്ഥാനത്തിൽ കുട്ടികളെ പരിശീലിപ്പിച്ച് നോക്കുകയും ചെയ്തു. |

സംസ്ഥാനത്ത് ആദിവാസി വിഭാഗം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന വയനാട്, പാലക്കാട്, മലപ്പുറം, തിരുവനന്തപുരം എന്നീ ജില്ലകളിലെ ആദിവാസി വിഭാഗം കുട്ടികളുടെ ക്ഷേമകാര്യങ്ങൾ ലക്ഷ്യമാക്കി ആദിവാസി ഊരുകൾ വിവിധ തീയതികളിൽ കമ്മീഷൻ സന്ദർശിച്ച് കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം, പോഷകാഹാരം, മാനസിക-ശാരീരിക വികാസം തുടങ്ങിയവ സംബന്ധിച്ച വിവിധ പ്രശ്നങ്ങൾ പഠിച്ച് ശുപാർശ സമർപ്പിച്ചിട്ടുണ്ട്, വയനാട് ജില്ലയിലെ മാനന്തവാടി ജില്ലാ ആശുപത്രിയിലെ ശിശുരോഗ വിഭാഗം, വയനാട് സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ എന്നിവിടങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടും കമ്മീഷൻ സന്ദർശനങ്ങൾ നടത്തിയിട്ടുണ്ട്.

മൂഴിയാർ, അട്ടത്തോട്, പ്രദേശങ്ങളിലെ കുട്ടികൾക്ക് മധ്യവേനലവധിക്കാലത്തു പോലും ഉച്ചഭക്ഷണം ലഭ്യമാക്കാൻ സാമൂഹ്യനീതി - പട്ടികവർഗ്ഗ വികസന വകുപ്പുകളെ ഏകോപിപ്പിക്കുന്നതിൽ കമ്മീഷൻ വലിയ പങ്കാണ് വഹിച്ചത്.ആലപ്പുഴ ജില്ലയിലെ ആർത്തുങ്കൽ, എറണാകുളം ജില്ലയിലെ തേവര എന്നീ വി.എച്ച്.എസ്.എ സ്കൂളുകൾക്കായി സുനാമി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുകയും എന്നാൽ ഉപയോഗിക്കാതിരിക്കുകയും ചെയ്ത കെട്ടിടങ്ങൾ കമ്മീഷന്റെ ഇടപെടലിനെ തുടർന്ന് അറ്റകുറ്റപണികൾ നടത്തി ഉപയോഗ ക്ഷമമാക്കുകയുണ്ടായി.

കമ്മീഷന്റെ ശുപാർശയെ തുടർന്ന് തിരുവനന്തപുരം നഗരത്തിലെ ചേരി പ്രദേശമായ രാജാജി നഗറിലെ കുട്ടികൾക്കും പ്രദേശവാസികൾക്കുമായി സ്വയം വികസനത്തിനുള്ള നിരവധി സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഈ പരിപാടികളുമായി കമ്മീഷനും സഹകരിച്ചു കൊണ്ടിരിക്കുകയാണ്.

അന്ധരായ വിദ്യാർത്ഥികൾക്ക് ഹയർ സെക്കന്ററി തലത്തിൽ സയൻസ് വിഷയങ്ങൾക്ക് പ്രവേശനം നൽകുന്നതിന് പ്രത്യേക മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കണമെന്നും കമ്മീഷൻ

സർക്കാറിനോട് ശുപാർശ ചെയ്തിരുന്നു. മാർഗ്ഗനിർദ്ദേശം കരിക്കുലം കമ്മിറ്റി അംഗീകരിച്ചു, ഉടൻ വിജ്ഞാപനം ചെയ്യും.

| | |
|---|---|
| ബി) സംസ്ഥാനത്തെ സ്കൂളുകളിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് കമ്മീഷൻ പ്രാഥമിക തലത്തിൽ യോഗം വിളിച്ച് ചേർത്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) സംസ്ഥാനത്തെ സ്കൂളുകളിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് 21/04/2016-ന് തിരുവനന്തപുരം ഗവൺമെന്റ് ഗസ്റ്റ് ഹൗസിലെ മിനി കോൺഫറൻസ് ഹാളിൽ വച്ച് ഒരു യോഗം നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂളുകളിൽ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് കമ്മീഷൻ ബന്ധപ്പെട്ട കർത്തവ്യവാഹകരുടെ ഒരു കൂടിയാലോചനയോഗം 21/04/2016-ൽ നടത്തുകയുണ്ടായി. ഇതിന്റെ തുടർച്ചയായി സ്കൂളുകളിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് അനുവർത്തിക്കേണ്ട നയരൂപീകരണത്തിനുള്ള നടപടികൾ സംസ്ഥാന ദുരന്തനിവാരണ സമിതിയുമായി സഹകരിച്ച് സ്വീകരിച്ചു വരുന്നു.<br>1. അധ്യാപകരിൽകൂടി ബാലവകാശങ്ങളെക്കുറിച്ചുള്ള അറിവ് കുട്ടികൾക്ക് നൽകുന്നതിനുള്ള ട്രെയിനിംഗ് മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്.<br>2. സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം ഫലപ്രദമായി തടയുന്നതിന് ബന്ധപ്പെട്ടവരുടെ ഒരു കൂടിയാലോചനായോഗം 11/04/2018-ൽ നടത്തുകയുണ്ടായി.<br>3. കുട്ടികൾക്കെതിരെ വർദ്ധിച്ചുവരുന്ന ലൈംഗിക അതിക്രമങ്ങളെക്കുറിച്ച് കുട്ടികളെ<br><br>ബോധവാൻമാരാക്കുന്നതിനും |

സ്വയംസംരക്ഷിക്കുന്നതിനും സുരക്ഷിതമല്ലാത്തതുമായ സ്പർശനങ്ങളെക്കുറിച്ച് കുട്ടികൾക്ക് അറിവ് നൽകുന്നതിന്റെ ഭാഗമായി 30/04/2018-ൽ കൂടിയാലോചന യോഗവും നടത്തുകയുണ്ടായി.

4. ഇതിന് അവരെ പ്രാപ്തരാക്കാൻ ഉതകുന്ന പരിശീലന പരിപാടികൾ നടത്തുന്നതിനുള്ള ട്രെയിനിംഗ് മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്.
5. പ്രസ്തുത ആശയങ്ങളെക്കുറിച്ചുള്ള അറിവ് കുട്ടികൾക്ക് എത്തിക്കുന്നതിനും അദ്ധ്യാപകരുടെ ക്ലസ്റ്റർ ട്രെയിനിംഗിൽ നടപടി സ്വീകരിക്കുന്നതിനുമായി ട്രെയിനിംഗ് മൊഡ്യൂളുകളുടെ മാതൃകകളും ഡി.പി.ഐയ്ക്ക് നൽകിയിട്ടുണ്ട്.
6. ക്ലസ്റ്റർ ട്രെയിനിംഗുകളിൽ നിന്നും ലഭിക്കുന്ന feedback-കൾ കൂടി പരിഗണിച്ച് സ്കൂളുകളിൽ കുട്ടികളുടെ സുരക്ഷയെ സംബന്ധിച്ചുള്ള നയരൂപീകരണത്തി-നുള്ള ശുപാർശകൾ കമ്മീഷൻ സമർപ്പിക്കുന്നതാണ്.

(സി) കമ്മീഷൻ ഇടമടക്കുടി, അട്ടപ്പാടി തുടങ്ങിയ പ്രദേശങ്ങളിൽ എന്തെല്ലാം പ്രത്യേക ഇടപെടലുകളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ഗോത്രവർഗ്ഗവിഭാഗം കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും റിപ്പോർട്ടുകൾ ആവശ്യപ്പെട്ടു. കൂടാതെ കമ്മീഷൻ 31/05/2016, 01/06/2016 തീയതികളിൽ പഞ്ചായത്തിലെ ഇടലിപ്പാറ കുടി, സൊസൈറ്റി കുടി എന്നീ ഊരുകൾ ഗവ. ട്രൈബൽ എൽ.പി. സ്കൂൾ, അക്ഷയകേന്ദ്രം, അംഗൻവാടികൾ, ആരോഗ്യ ഉപകേന്ദ്രം, പഞ്ചായത്ത്

ഓഫീസ് എന്നിവിടങ്ങൾ കമ്മീഷൻ സന്ദർശിക്കുകയും ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ഊര് തലൈവർ, കുടുംബശ്രീ പ്രതിനിധികൾ, അദ്ധ്യാപകർ തുടങ്ങിയവരുമായി സംവദിക്കുകയും പ്രദേശത്തെ കുട്ടികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കുകയും ചെയ്തു. തുടർന്ന് ഇടമലക്കുടിയിലെ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി അടിസ്ഥാന സൗകര്യവികസനം, ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ സമഗ്രമായ ശുപാർശകൾ സർക്കാരിന് നൽകുകയുണ്ടായി.

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അട്ടപ്പാടി മേഖല സന്ദർശിച്ച് ആരോഗ്യരംഗം, വിദ്യാഭ്യാസം, കൃഷി, സാമൂഹ്യ വനവത്ക്കരണം, ജലസേചനം, സാംസ്കാരിക പ്രവർത്തനങ്ങൾ, മദ്യം-മയക്കുമരുന്ന് ഉത്പാദനവും വിതരണവും തടയൽ, ഗതാഗത സൗകര്യം, വൈദ്യുതി എന്നീ മേഖലകളിലുള്ള പോരായ്മകൾ പരിഹരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചുള്ള സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കി ശുപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ മേഖലകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ കമ്മീഷന്റെ ഇടപെടലുകൾ ഇപ്പോഴും നടന്നുവരുന്നു.

| | |
|---|---|
| (ഡി) പൊതുജനങ്ങൾക്കായി കമ്മീഷൻ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടോ; വ്യക്തമാക്കാമോ; | (ഡി) കമ്മീഷന്റെ പ്രവർത്തനങ്ങൾ പൊതു ജനങ്ങളിൽ എത്തിക്കുന്നതിനും, പൊതു ജനാഭിപ്രായങ്ങൾക്കും പരാതികൾക്കും പുറമേ മാധ്യമ വാർത്തകളും അഭിപ്രായങ്ങളും കൂടി ക്രോഡീകരിച്ച് ബാലാവകാശ സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ |

കാര്യക്ഷമമാക്കുന്നതിനായി കമ്മീഷനിൽ ഒരു പബ്ലിക്ക് റിലേഷൻസ് വിഭാഗം പ്രവർത്തിച്ചു വരുന്നു. ബാല്യം എന്ന പേരിൽ കമ്മീഷൻ 2015 ൽ ആരംഭിച്ച ത്രൈമാസ ന്യൂസ് ലൈറ്റർ പ്രസിദ്ധീകരണം തുടർന്നു വരുന്നു.

പരാതികൾ ഓൺലൈനായി സമർപ്പിക്കുന്നതിനും പരാതി സംബന്ധിച്ച കാര്യങ്ങൾ നിരീക്ഷിക്കുന്നതിനുമായി ഒരു ഓൺലൈൻ പരാതി സമർപ്പണ സംവിധാനവും കമ്മീഷൻ ഏർപ്പെടുത്തിയിട്ടുണ്ട്.

ബാലാവകാശ സാക്ഷരത കുട്ടികളിലും പദ്ധതിപങ്കാളികളിലും പൊതുസമൂഹത്തിലും സൃഷ്ടിക്കുക എന്ന കമ്മീഷന്റെ പ്രധാന കർത്തവ്യം മുൻ നിർത്തി കമ്മീഷൻ കോഴിക്കോട്, കൊല്ലം ജില്ലയിലെ ചിതറ എന്നിവിടങ്ങളിൽ പ്രദർശനങ്ങൾ സംഘടിപ്പിച്ചു.

കുട്ടികളുടെ അവകാശസംരക്ഷണവുമായി ബന്ധപ്പെട്ട് ദൂരദർശൻ, മറ്റ് സ്വകാര്യ ചാനലുകൾ എന്നിവയിലൂടെ കമ്മീഷൻ ചെയർപേഴ്സൺ, അംഗങ്ങൾ എന്നിവരുടെ അഭിമുഖം, ഫോൺ ഇൻ പരിപാടി എന്നിവ സംപ്രേഷണം ചെയ്യുകയുണ്ടായി.

കമ്മീഷന്റെ മലയാളം വെബ്സൈറ്റ് 2016 ലെ ബാലാവകാശ വാരാചരണത്തോട് അനുബന്ധിച്ച് നിലവിൽ വന്നു. സാമൂഹ്യ മാധ്യമങ്ങൾക്ക് പ്രചാരം ഏറിവരുന്ന ആധുനിക കാലഘട്ടത്തിൽ കമ്മീഷനും ഫേസ് ബുക്ക്, ട്വിറ്റർ പേജുകൾക്ക് രൂപം നൽകിയിട്ടുണ്ട്,

**സെക്ഷൻ ഓഫീസർ**